ഹോസ്പിറൽ അറ്റന്റന്റ് ഗ്രേഡ് 2	..	10
എക്സ്റേ ടെക്നിഷ്യൻ	..	1
സ്റേറാർ സൂപ്രണ്ട്	..	1
ക്ലിനിക്കൽ സൈക്കോളജിസ്റ്റ്	..	1
ഫിസിയോതെറാപ്പിസ്റ്	..	1
ഡെന്റൽ മെക്കാനിക്ക്	..	1
ലാബ് ടെക്നീഷ്യൻ	..	2
ആകെ	..	50

(ഡി) 1961-ൽ നിലവിൽ വന്ന സർക്കാർ ആശുപത്രികളിലെ സ്ററാഫ് പാറേറൺ പുനരവലോകനം ചെയ്യുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

കാലടി (മറൂർ) കമ്മ്യൂണിറി ഹെൽത്ത് സെന്ററിന് കെട്ടിടം പണിയുന്നതിന് നടപടി

123 [3822] *ശ്രീ. പി. ജെ. ജോയി* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കാലടി (മറൂർ) കമ്മ്യൂണിറി ഹെൽത്ത് സെന്ററിന് കെട്ടിടം പണിയുന്നതിന് നബാർഡ് ഏതെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന് അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അനുമതി ലഭ്യമാകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) എറണാകുളം ജില്ലയിലെ കാലടി കമ്മ്യൂണിറി ഹെൽത്ത് സെന്ററിന് നബാർഡ് സഹായത്തോടെ കെട്ടിടം പണിയുന്നതിനുള്ള നിർദ്ദേശം നബാർഡിന് സമർപ്പിച്ചിട്ടുണ്ട്. നബാർഡിൽ നിന്ന് അനുമതി ഇതുവരെ ലഭിച്ചിട്ടില്ല.

തൃപ്പനച്ചി പി. എച്ച്. സി. യിൽ സ്ഥിരം ഡോക്ടറുടെ നിയമനം

124 [3823] *ശ്രീ. ഇസ്ഹാക് കുരിക്കൾ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിൽ തൃപ്പനച്ചി പി. എച്ച്. സി. -യിൽ സ്ഥിരം ഡോക്ടർ ഇല്ലാത്തതിനാൽ രോഗികൾ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly